ഉത്തരം

(എ) എറണാകുളം ചെറുകിട ജലസേചന വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയർ പ്രസ്തുത പ്രവൃത്തിക്കുവേണ്ടി 6-5-2005-ൽ നടത്തിയ ടെൻഡറിൽ ഏറ്റവും കുറഞ്ഞ നിരക്ക് (34.17%) രേഖപ്പെടുത്തി ലഭിച്ചത്, ശ്രീ. കെ. വി. ജോർജിന്റെ ദർഘാസ്സായിരുന്നു. 8-7-2005-ൽ കൂടിയ സർക്കാർ ടെൻഡർ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ടിയാന്റെ ദർഘാസ് 25% കൂടിയ നിരക്കിൽ സ്വീകരിച്ചുകൊണ്ട് 19-7-2005-ൽ സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി, സി) ടെൻഡർ നടപടികൾ പൂർത്തിയാക്കുന്നതിന് തടസ്സങ്ങളൊന്നും നിലവിലില്ല.

കല്ലട ജല സംഭരണിയുടെ ജലസ്രോതസ്സുകളിൽ നിന്നുള്ള ജലം ചോർത്തൽ

65 [2674] ശ്രീ. പി. ടി. തോമസ്:
,, ബി. വിജയകുമാർ:
പ്രൊഫ. സാവിത്രി ലക്ഷ്മണൻ:
ശ്രീ. വി. ജെ. പൗലോസ്:
,, കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലട ജല സംഭരണിയിലെ ജലനിരപ്പ് കാര്യമായി കുറഞ്ഞിട്ടുണ്ടോ;

(ബി) കല്ലട ജലസംഭരണിയിൽ വെള്ളം എത്തിച്ചിരുന്ന കുളത്തൂപ്പുഴ ആറിൽ ഏതെല്ലാം കൈവഴികളിൽ നിന്നാണ് വെള്ളം എത്തിച്ചേരുന്നത്;

(സി) കുളത്തൂപ്പുഴ ആറിൽ വെള്ളം എത്തിച്ചേരുന്ന ശങ്കിലിയിൽ നിന്നും ചാലുകീറി മാഞ്ചോല വഴി തമിഴ്നാട്ടിലെ താമ്രപർണ്ണി നദിയിലേക്ക് വെള്ളം എത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ശങ്കിലിയിൽ നിന്നോ മറ്റേതെങ്കിലും ജലസ്രോതസ്സുകളിൽ നിന്നോ തമിഴ്നാട്ടിലേക്ക് വെള്ളം ചോർത്തുന്നതിനെക്കുറിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അന്വേഷണം നടത്തി ഇക്കാര്യത്തിന്റെ നിജസ്ഥിതി വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഇല്ല.

(ബി) കുളത്തൂപ്പുഴ ആറിന്റെ കൈവഴികളായ പൊങ്ങമല, ശങ്കിലിപ്പാലം, സിരികല എന്നീ ആറുകളിൽ നിന്നാണ് വെള്ളം എത്തിച്ചേരുന്നത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ശങ്കിലിയിൽ നിന്നോ മറ്റു ജലസ്രോതസ്സുകളിൽ നിന്നോ തമിഴ്നാട് ജലം ചോർത്തുന്നുണ്ടോയെന്ന് അന്വേഷണം നടത്താറുണ്ട്. ഇതിനുവേണ്ടി വിജിലൻസ് കോ-ഓർഡിനേറ്ററായ സൂപ്രണ്ടിംഗ്

LIBRARY ARCHIVES Kerala Legislative Assembly

എഞ്ചിനീയർ, ഇൻവെസ്റ്റിഗേഷൻ സർക്കിൾ തൃശ്ശൂർ, ബന്ധപ്പെട്ട ബെയ്സിനുകളുടെ ചുമതലയുള്ള വിജിലൻസ് ഓഫീസർമാരായ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ എന്നിവർ ഉൾപ്പെടുന്ന ഒരു ടീം നിലവിൽ ഉണ്ട്. ഇവർ സമയാസമയങ്ങളിൽ ഇൻസ്പെക്ഷൻ നടത്തുകയും റിപ്പോർട്ടുകൾ ക്രോഡീകരിച്ച് സർക്കാരിന് സമർപ്പിക്കുകയും ചെയ്യാറുണ്ട്. ഇതുകൂടാതെ സംസ്ഥാനത്തെ ജലസ്രോതസ്സുകളിൽ നിന്ന് തമിഴ്നാട് അനധികൃതമായി ജലം ചോർത്തുന്നുണ്ടോയെന്ന് പരിശോധിക്കുവാനായി വനം വകുപ്പിലേയും ജലസേചന വകുപ്പിലേയും ഉദ്യോഗസ്ഥർ അടങ്ങിയ ഒരു ടാസ്ക് ഫോഴ്സും, വനം വകുപ്പിലേയും, ജലസേചന വകുപ്പിലേയും കെ. എസ്. ഇ. ബി. യിലേയും ഉദ്യോഗസ്ഥൻമാരടങ്ങിയ ഒരു ഹൈ ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയും, ഫീൽഡ് ലെവൽ ടീമും രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റിയിലെ അംഗങ്ങൾ ബന്ധപ്പെട്ട സ്ഥലങ്ങൾ സന്ദർശിച്ച് കാലാകാലങ്ങളിൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുന്നുണ്ട്.

മലമ്പുഴ അണക്കെട്ടിലേക്കുള്ള വെള്ളം തമിഴ്നാട് ചോർത്തുന്നത് സംബന്ധിച്ച്

66 [2675] ശ്രീ. എ. കെ. ബാലൻ:
,, വി. ചെന്താമരാക്ഷൻ:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) മലമ്പുഴ അണക്കെട്ടിലേക്കുള്ള വെള്ളം തമിഴ്നാട് ചോർത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മലമ്പുഴ അണക്കെട്ടിന്റെ പ്രധാന ജലസ്രോതസ്സായ ഒന്നാം പുഴയെ ആട്ടുമലയിൽ നിന്നും തമിഴ്നാട്ടിലേയ്ക്ക് തിരിച്ചു വിടുന്നത് എന്നാണ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടത്;

(സി) പ്രസ്തുത പ്രദേശങ്ങളിൽ സർക്കാരിന്റെയോ ജലസേചന വകുപ്പിന്റെയോ ഏതെല്ലാം ഉദ്യോഗസ്ഥൻമാർ എത്ര തവണ സന്ദർശിക്കുകയുണ്ടായി;

(ഡി) ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള–തമിഴ്നാട് അതിർത്തിയിൽ പാറകളും, കരിങ്കല്ലും, മണൽച്ചാക്കും മറും ഉപയോഗിച്ച് നിർമ്മിച്ച തടയണ 5-3-2002-ൽ ആണ് വനം വകുപ്പിന്റെ വാളയാർ റേഞ്ചിലെ സെക്ഷൻ സ്റ്റാഫിന്റെ ശ്രദ്ധയിൽപ്പെട്ടത്.

(സി) ഒന്നാം പുഴയിൽ നിന്നും തമിഴ്നാട് വെള്ളം ചോർത്തുന്നതായുള്ള പത്രവാർത്തകളുടെ അടിസ്ഥാനത്തിൽ വനം, റവന്യൂ, സർവ്വേ, ജലസേചനം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരും മാധ്യമ പ്രവർത്തകരും ഒരുമിച്ച് 29-12-2003-ൽ പ്രസ്തുത സ്ഥലം സന്ദർശിച്ചു. 31-12-2003 -ൽ

LIBRARY ARCHIVES Kerala Legislative Assembly